# ഭാരതീയ ജനതാ പാർട്ടി

(സെൻട്രൽ ഓഫീസ്)

11, അശോകാ റോഡ്, ന്യൂഡൽഹി-01

ഫോൺ 011-23007500, ഫാക്സ്- 011-23005787


## ബിജെപി ദേശീയ വക്താവ് ശ്രീ പ്രകാശ് ജാവ്ദേക്കർ നടത്തുന്ന പ്രസ്താവന

12 ഫെബ്രുവരി, 2013

ടുജി സ്പെക്ട്രം അഴിമതിക്കേസിൽ പബ്ലിക് പ്രോസിക്യൂട്ടർ എ.കെ.സിംഗിനെ സസ്പൻഡു ചെയ്തതും സിബിഐ കേസെടുത്തതും വ്യക്തമാക്കുന്നത് അഴിമതിക്കേസിൽ കോൺഗ്രസ് നയിക്കുന്ന യുപിഎ സർക്കാർ സിബിഐയെ ദുരുപയോഗം ചെയ്യുന്നുവെന്ന ബിജെപിയുടെ ആരോപണം ശരിയാണെന്നാണ്.

അഴിമതിക്കേസുകൾ ഒതുക്കിത്തീർക്കുന്നതിനുള്ള കോൺഗ്രസിന്റെ സമ്പ്രദായങ്ങൾ ഇപ്പോൾ പരസ്യമായി. ചിലപ്പോൾ അവർ അന്വേഷണ ഏജൻസികളെ ഉപയോഗിക്കുന്നൂ ചിലപ്പോൾ പ്രോസിക്യൂഷൻ വിഭാഗത്തെ വിനിയോഗിക്കുന്നു.

ടുജി അഴിമതിക്കേസിൽ വൻ ജനസമ്മർദ്ദം ഉണ്ടായശേഷമാണ് അവർ 2009-ൽ സിബിഐ അന്വേഷണത്തിനു തീരുമാനിച്ചത്. എന്നാൽ സുപ്രീം കോടതി അന്വേഷണത്തിന്റെ മേൽനോട്ടം ഏറ്റെടുക്കും വരെ അക്കാര്യത്തിൽ അവർ ഒന്നും ചെയ്തില്ല.

പിഎസി അന്വേഷണം അട്ടിമറിച്ചപ്പോൾ കോൺഗ്രസിന്റെ തന്ത്രം വ്യക്തമായിരുന്നു. ഇപ്പോൾ അവർ ജെപിസിയെയും അട്ടിമറിക്കുന്നു. ധനമന്ത്രി ചിദംബരത്തെ ഈ കേസിൽ ചോദ്യം ചെയ്യാൻ അനുവദിക്കില്ലെന്ന നിലപാടു തന്നെ സർക്കാരിന്റെ കേസൊതുക്കൽ നയത്തിനുദാഹരണമാണ്.

ലോക്പാൽ സംബന്ധിച്ച പാർലമെന്റിന്റെ സെലക്ട് കമ്മിറ്റി മുമ്പാകെ ബിജെപി നൽകിയിരിക്കുന്ന ശുപാർശയിൽ പറയുന്നത് സിബിഐയുടെ വക്കീലന്മാരെ നിയോഗിക്കുന്നത് അവരെ ലോക്പാൽ അംഗീകരിച്ച പട്ടികയിൽനിന്നു മതി എന്നാണ്.

ടുജി അഴിമതിക്കേസിലെ പ്രതികളും പ്രോസിക്യൂഷനും തമ്മിൽ ഉണ്ടായിരിക്കുന്നതായി പുറത്തുവന്ന അവിശുദ്ധ ബന്ധത്തെക്കുറിച്ച് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തിക്കണമെന്ന് ബിജെപി ആവശ്യപ്പെടുന്നു.

ഈ സംഭവത്തിലൂടെ സിബിഐയുടെ സ്വതന്ത്ര പ്രവർത്തനത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവശേഷിച്ചിരുന്ന ചെറിയ വിശ്വാസംകൂടി കോൺഗ്രസ് നശിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങളോട് ഇക്കാര്യത്തിൽ വിശദീകരണം നടത്താൻ സർക്കാരിനു ബാധ്യതയുണ്ട്.

### യാസിൻ മാലിക് പ്രശ്നം

പാകിസ്ഥാനിൽ ജെകെഎൽഎഫിന്റെ ബാനറിൽ ഇൻഡ്യാവിരുദ്ധ പ്രകടനം നടത്തുന്നതിൽനിന്ന് യാസിൻ മാലിക്കിനെ തടയുന്നതിന് എന്തെങ്കിലും ചെയ്യുന്നതിൽ പരാജയപ്പെട്ടതിനു ബിജെപി യുപിഎ സർക്കാരിനെ കുറ്റപ്പെടുത്തുന്നു. ആ വേദിയെ മാലിക്, ഭീകരൻ അഫ്സൽ ഗുരുവിനെ തൂക്കിക്കൊന്ന ഇൻഡ്യയുടെ നടപടിക്കെതിരേ ഇൻഡ്യാ വിരുദ്ധ പ്രവർത്തനങ്ങൾക്കു വിനിയോഗിച്ചു. മാത്രമല്ല, മുറിവിൽ മുളകു പുരട്ടും പോലെയെന്നവണ്ണം മുംബൈയിൽ 26-11-ന് 156 പേരുടെ ജീവനെടുക്കുകയും 302 പേർക്കു പരിക്കേൽപ്പിക്കുകയും ചെയ്ത ബോംബു

സ്ഫോടനത്തിൻെറ മുഖ്യ ആസൂത്രകനായ ലഷ്കർ ഇ തൊയ്ബ തലവൻ ഹഫീസ് സയീദിനെ ആ വേദിയിൽ ക്ഷണിച്ച് ഇൻഡ്യാ വിരുദ്ധ പ്രചാരണങ്ങൾ നടത്തിക്കുകയും ചെയ്തു.

സർക്കാർ അടിയന്തിരമായി അയാളുടെ വിദേശയാത്രാ രേഖകൾ കണ്ടുകെട്ടുകയും ഭാവിയിൽ ഇൻഡ്യാ വിരുദ്ധ പ്രവർത്തനങ്ങൾ നടത്താതിരിക്കാൻ മുൻകരുതലുകൾ എടുക്കുകയും വേണമെന്ന് ബിജെപി ആവശ്യപ്പെടുന്നു.

<u>**നാണ്യപ്പെരുപ്പം ഉയരുന്നു**</u>

നാണ്യപ്പെരുപ്പം 2013 ജനുവരിയിൽ ഇരട്ടഅക്കം മുട്ടി 10 ശതമാനത്തിലെത്തിയിരിക്കുന്നു. മൈക്രോ-മാക്രോ തലത്തിൽ സാമ്പത്തിക രംഗത്ത് രണ്ടിലും മൻമോഹൻ സിംഗ് പരാജയപ്പെട്ടിരിക്കുന്നു.

വളർച്ചാ നിരക്ക് 5% ആവുകയും നാണ്യപ്പെരുപ്പം 11% ആകുകയും ചെയ്തത് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഇരട്ട പ്രഹരമാണ്. അവരുടെ വരുമാനത്തിൽ മാറ്റമില്ലാതെ തുടരുകയും വിലക്കയറ്റം പെരുകുകയും ചെയ്യുന്നു.

ഏറ്റവും പരിതാപകരമായ കാര്യം ഈ സ്ഥിതിവിവരക്കണക്കുകളെ ചോദ്യം ചെയ്യുകയാണ് സാമ്പത്തിക രംഗത്തെ മാന്ദ്യത്തിനും സർക്കാരിന്റെ വീഴ്ചകൾക്കും പരിഹാരം കാണേണ്ട ധനമന്ത്രി ചിദംബരം എന്നതാണ്.

ബാഹ്യമായ സാമ്പത്തിക സ്ഥിതിവിശേഷങ്ങളെക്കുറിച്ച് കുറ്റം പറയുന്നതിനു പകരം സർക്കാർ ചെയ്യേണ്ടത് ആത്മപരിശോധന നടത്തുകയും തെറ്റുതിരുത്താൻ അടിയന്തിരമായി നടപടിയെടുക്കുകയുമാണ്.

<u>**പിജെ കുര്യൻ പ്രശ്നം**</u>

സൂര്യനെല്ലിക്കേസിൽ ദിനം പ്രതി വന്നുകൊണ്ടിരിക്കുന്ന വെളിപ്പെടുത്തലുകൾ രാജ്യസഭാ ഉപാദ്ധ്യക്ഷൻ എന്ന നിലയിൽ പി. ജെ. കുര്യന്റെ പദവിക്ക് അനർഹത ഉണ്ടാക്കി. സംസ്ഥാന നേതൃത്വവുമായി കൂടിയാലോചിച്ച ശേഷം ബിജെപി ആവശ്യപ്പെടുന്നത് കേസിലെ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്ത്, തനിക്കെതിരേ വന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് കൃത്യമായ നിരാകരണം വരുന്നതുവരെ പദവിയിൽ നിന്നുവിട്ടുനിൽക്കണമെന്ന് ബിജെപി ആവശ്യപ്പെടുന്നു.

**(ഒ. പി. കോഹ്‌ലി)**
ഹെഡ്ക്വാർട്ടേഴ്സ് ഇൻചാർജ്